## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.699 — 28.02.2018 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വന്യജീവി ആക്രമണത്തിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര രൂപയാണ് ധനസഹായം നൽകുന്നത് എന്ന് വിശദമാക്കുമോ? | (എ) വന്യജീവി ആക്രമണം മൂലം ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് 1980-ലെ വന്യജീവികളുടെ ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നല്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു. |

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|
| വന്യജീവി ആക്രമണം മൂലമുള്ള മരണം. | 5 ലക്ഷം രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നം.96/2014/വനം തീയതി 17.11.2014. |
| വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ | |
| വന്യജീവി ആക്രമണം മൂലം സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ | |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) നിലവിൽ നൽകുന്ന തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ; | (ബി) നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. . |
| (സി) ഏതൊക്കെ തരത്തിലുള്ള അപകടങ്ങൾക്കാണ് തുക അനുവദിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) വന്യജീവി ആക്രമണം മൂലം ജീവനും, വസ്തുവകകൾക്കും, കന്നുകാലികൾക്കും, കൃഷിയ്ക്കും ഉണ്ടാകുന്ന നാശനഷ്ടത്തിനും, മനുഷ്യർക്കുണ്ടാകുന്ന പരിക്കിനും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ